REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ന്യൂഡൽഹിയിൽ രണ്ടു ദിവസത്തെ ദേശീയ ജില്ലാ ജുഡീഷ്യറി സമ്മേളനം ഇന്ന് സമാപിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു സമാപന പ്രസംഗം നടത്തും.**
- **വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകൾ മൂന്നു മാസത്തിനകം സർവീസ് ആരംഭിക്കുമെന്ന് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്.**
- **BJP ദേശീയ അദ്ധ്യക്ഷനും കേന്ദ്രമന്ത്രിയുമായ JP നദ്ദ ഉച്ചയ്ക്ക് പാലക്കാട്ടെ പൗരപ്രമുഖരുമായി സംവദിക്കും.**
- **വയനാട്ടിലെ കനവ് സ്ഥാപകനും പ്രശസ്ത സാഹിത്യകാരനുമായ കനവ് ബേബിയെന്ന K.J ബേബി നിര്യാതനായി.**
- **വയനാട് ഉരുൾപൊട്ടൽ മേഖലയിലെ സ്കൂളുകളിൽ പുന:പ്രവേശനോത്സവം നാളെ.**

## വാർത്തകൾ വിശദമായി

ന്യൂഡൽഹിയിൽ ഇന്നലെ ആരംഭിച്ച രണ്ടു ദിവസത്തെ ജില്ലാ ജുഡീഷ്യറി സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമാപന പ്രസംഗം നടത്തും. ഭാരത് മണ്ഡപത്തിലെ ചടങ്ങിൽ സുപ്രീംകോടതിയുടെ അധികാര മുദ്രയും പതാകയും രാഷ്ട്രപതി അനാവരണം ചെയ്യും. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് സുപ്രീംകോടതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സമ്മേളനത്തിന് തുടക്കം കുറിച്ചത്.

✪✪✪

വന്ദേഭാരത് സ്ലീപ്പർ കോച്ചുകളുടെ ഉപയോഗം മൂന്ന് മാസത്തിനകം ആരംഭിക്കുമെന്ന് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ബംഗളൂരു BEML ൽ വന്ദേഭാരത് സ്ലീപ്പർ കോച്ചുകളും ട്രെയിനും പരിശോധിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്ദേഭാരത് ചെയർകാർ, വന്ദേഭാരത് മെട്രോ, വന്ദേ സ്ലീപ്പർ, അമൃത് ഭാരത് ശ്രേണിയിലെ ട്രെയിനുകൾ രാജ്യത്തെ യാത്രക്കാർക്ക് അധികം വൈകാതെ സുഖയാത്ര ഒരുക്കുമെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

BJP ദേശീയ അദ്ധ്യക്ഷനും കേന്ദ്രമന്ത്രിയുമായ JP നദ്ദ ഉച്ചയ്ക്ക് പാലക്കാട്ടെ പൗരപ്രമുഖരുമായി സംവദിക്കും. നഗരത്തിലെ സ്വകാര്യ ഹോട്ടലിലെ പരിപാടിയിൽ നദ്ദ പാലക്കാടിന്റെ വികസന പരിപാടികൾ ചർച്ച ചെയ്യും.

✪✪✪

UAE യിലെ അനധികൃത താമസക്കാർക്കായി പൊതുമാപ്പ് പദ്ധതിക്ക് തുടക്കമായി. അടുത്തമാസം 30 വരെ, പൊതുമാപ്പ് കാലയളവിൽ നിരോധനമോ, പിഴയോ കൂടാതെ അനധികൃത താമസക്കാർക്ക് നാട്ടിലേക്ക് മടങ്ങാം. വിസകൾ കാലഹരണപ്പെട്ടവർക്ക് UAE യിൽ നിയമപരമായി താമസിക്കാനോ, ജോലി ചെയ്യാനോ അല്ലെങ്കിൽ പിഴയോ പ്രവേശന വിലക്കോ നേരിടാതെ രാജ്യം വിടാനോ സാധിക്കും.

പൊതുമാപ്പിന്റെ സാഹചര്യത്തിൽ മലയാളി പ്രവാസികൾക്ക് നോർക്ക ഹെൽപ്പ് ഡെസ്ക് ഒരുക്കിയിട്ടുണ്ട്.

✪✪✪

ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം 100 മില്യൺ രൂപയുടെ ഇടപാടുകൾ പൂർത്തിയാക്കി. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഇതിന്റെ കണക്കുകൾ പുറത്തു വിട്ടു. കഴിഞ്ഞമാസമാണ് ഇടപാടുകൾ 100 മില്യൺ കവിഞ്ഞത്.

✪✪✪

ജനതാദൾ - U നേതാവ് KC ത്യാഗി, പാർട്ടി വക്താവ് സ്ഥാനം രാജിവെച്ചു. രാജിക്കത്ത് പാർട്ടി അധ്യക്ഷനും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറിന് കൈമാറി.

✪✪✪

കൊച്ചി വിമാനത്താവളത്തിലെ രണ്ടാം ടെർമിനലിൽ നിർമ്മാണം പൂർത്തിയാക്കിയ 0484 - എയ്റോ ലോഞ്ച് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മിതമായ നിരക്കിൽ യാത്രക്കാർക്കും കൂടെയെത്തുന്നവർക്കും വിമാനത്താവള ലോഞ്ച് സൗകര്യം ഉപയോഗപ്പെടുത്താമെന്ന് സിയാൽ അറിയിച്ചു. മണിക്കൂർ അടിസ്ഥാനത്തിലായിരിക്കും നിരക്ക് ഈടാക്കുന്നത്.

37 മുറികളും, നാല് സ്വീറ്റുകളും, മൂന്ന് ബോർഡ് റൂമുകളും, രണ്ട് കോൺഫറൻസ് ഹാളുകളും, ജിം, ലൈബ്രറി, തുടങ്ങിയ സൗകര്യങ്ങളും ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. തുടർന്ന് ചേരുന്ന സിയാൽ ഡയറക്ടർ ബോർഡ് യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

വയനാട്ടിലെ കനവ് സ്ഥാപകനും പ്രശസ്ത സാഹിത്യകാരനുമായ കനവ് ബേബിയെന്ന K.J ബേബി അന്തരിച്ചു. അദ്ദേഹത്തിന് 70 വയസ്സായിരുന്നു. വയനാട് നടവയലിലെ വീടിനോട് ചേർന്ന കളരി പരിശീലന കേന്ദ്രത്തിലാണ് ബേബിയെ രാവിലെ മരിച്ചനിലയിൽ കണ്ടെത്തിയത്.

വയനാട് പ്രതിനിധി അരുൺ വിൻസെന്റ്

..........(ഓഡിയോ)...........

✪✪✪

CPIM ബ്രാഞ്ച് സമ്മേളനങ്ങൾക്ക് ഇന്ന് തുടക്കമാകും. സംസ്ഥാന സമ്മേളനം അടുത്ത ഫെബ്രുവരി 25 മുതൽ 28 വരെ നടത്തുമെന്ന് സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ നേരത്തെ അറിയിച്ചിരുന്നു. ലോക്കൽ സമ്മേളനങ്ങൾ ഒക്ടോബറിലും ഏരിയാ സമ്മേളനം നവംബറിലും നടത്തും.

✪✪✪

വയനാട് ഉരുൾപൊട്ടൽ മേഖലയിലെ സ്കൂളുകളിൽ പുന:പ്രവേശനോത്സവം നാളെ നടത്തും. മന്ത്രി V.ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും. വെള്ളാർമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും, മുണ്ടക്കൈ G.L.P.S മേപ്പാടി കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. ഉരുൾപൊട്ടലിൽ SSLC സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അതിന്റെ പകർപ്പ് ചടങ്ങിൽ വിതരണം ചെയ്യും.

✪✪✪

പാരിസ് പാരാലിമ്പിക്സിൽ വെങ്കലം നേടിയ റുബീന ഫ്രാൻസിസിനെ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു. ഷൂട്ടിങ്ങിലെ രാജ്യത്തിന്റെ പ്രകടനത്തിന് തിളക്കം കൂട്ടാൻ അവരുടെ വിജയത്തിന് കഴിഞ്ഞെന്ന് രാഷ്ട്രപതി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു. റുബീനയുടെ അസാധാരണ നിശ്ചയദാർഢ്യത്തെയും സ്ഥിരോത്സാഹത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ അണ്ടർ 19 ക്രിക്കറ്റ് പരമ്പരയിലെ മത്സരങ്ങൾ BCCI പ്രഖ്യാപിച്ചു. മൂന്ന് ഏകദിന മത്സരങ്ങളും രണ്ട് ടെസ്റ്റ് മത്സരങ്ങളുമടങ്ങുന്ന പരമ്പരയ്ക്ക് ടീമിനെയും സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തു.

ഏകദിന ടീമിനെ മുഹമ്മദ് അമനും, ടെസ്റ്റ് ടീമിനെ സോഹം പട്‌വർദ്ധനും നയിക്കും.

✪✪✪

ദേശീയ പോഷകാഹാര വാരത്തിന് തുടക്കമായി. ഒരാഴ്ചയാണ് പോഷകാഹാര വാരം ആചരിക്കുന്നത്. പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യപ്രദമായ ഭക്ഷണ ശീലത്തെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കാനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഏഴാമത് രാഷ്ട്രീയ പോഷൻ മാസാചരണത്തിനും ഇന്ന് തുടക്കമാകും. ആരോഗ്യപ്രദമായ ജീവിതശൈലിയുടെ ആവശ്യകത ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം.

✪✪✪

ദേശീയ പോഷൺ മാസാചരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ വൈവിധ്യമാർന്ന പരിപാടികൾക്ക് തുടക്കമായി. അങ്കണവാടികൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ....

✪✪✪

ഈ വർഷത്തെ P.V സാമി സ്മാരക ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് കോഴിക്കോട്ട് ഇന്ന് ഗോവ ഗവർണർ P.S ശ്രീധരൻപിള്ള ഗോകുലം ഗോപാലന് സമ്മാനിക്കും. മന്ത്രി P..A മുഹമ്മദ് റിയാസ് പ്രശസ്തിപത്രം കൈമാറും. M.K രാഘവൻ M.P അദ്ദേഹത്തെ പൊന്നാട അണിയിക്കും.

✪✪✪

കണ്ണൂർ ജില്ലാ തദ്ദേശ അദാലത്ത് നാളെ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തും. മന്ത്രി MB രാജേഷ് അദാലത്തിന് നേതൃത്വം നൽകുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യ കണ്ണൂരിൽ അറിയിച്ചു.

✪✪✪

കേന്ദ്രാവിഷ്കൃത പദ്ധതികളും സേവനങ്ങളും ജനങ്ങളിലെത്തിക്കാൻ നാളെ മുതൽ ഈ മാസം ആറു വരെ വടകരയിൽ ബോധവൽക്കരണ - പ്രദർശന പരിപാടി സംഘടിപ്പിക്കും. PIB കേരള ലക്ഷദ്വീപ് റീജിയൺ അഡീഷണൽ ഡയറക്ടർ ജനറൽ V.പളനി ചാമിയും, CBC റീജിയൺ ഡയറക്ടർ V.പാർവതിയും വാർത്താ സമ്മേളനത്തിൽ അറിയിച്ചതാണിത്.

വയനാട്, കണ്ണൂർ ഫീൽഡ് ഓഫീസുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടി K.K.രമ MLA ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രശസ്ത ടോക്സിക്കോളജിസ്റ്റും ശാസ്ത്രജ്ഞനുമായ കണ്ണൂർ ചെറുകുന്ന് സ്വദേശി ഡോ P.V മോഹനന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ കോവിഡ് വാക്സിൻ എംപവേർഡ് കമ്മിറ്റി അംഗമെന്ന നിലയിലും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജീസ്, ടോക്സിക്കോളജി ഡിവിഷൻ മേധാവിയായും ശ്രദ്ധേയനായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

✪✪✪

തൃശൂർ ഫോറസ്ട്രി കോളെജ് ഡീൻ പ്രൊഫസർ അനൂപിനെ തിരുവനന്തപുരം പേട്ടയിൽ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. പൊലീസ് അന്വേഷണം ആരംഭിച്ചു.

✪✪✪

സംസ്ഥാനത്ത് അടുത്ത വ്യാഴാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

നാളെയും ആറ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പിന്റെ മഞ്ഞ ജാഗ്രതയുണ്ട്.

✪✪✪

പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്ന് കേരളത്തിന് അർഹമായ ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഉന്നതതല അന്വേഷണം നടത്തണമെന്ന് പാലക്കാട് ജില്ലാ വികസന സമിതി യോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ഇടപെടൽ വേണ്ടത്ര ഫലപ്രദമാകാത്തതാണ് വെള്ളം കിട്ടാത്തതിന് കാരണമെന്ന് യോഗംവിലയിരുത്തി.

✪✪✪

അങ്കമാലി യാഡിൽ അറ്റകുറ്റപണി നടക്കുന്നതിനാൽ ഇന്ന് മുതൽ ചില ട്രെയിനുകളുടെ സർവീസുകളിൽ മാറ്റം വരുത്തി. ഉച്ചയ്ക്ക് 2.45-ന് പുറപ്പെടേണ്ട എറണാകുളം ജങ്ഷൻ - പാലക്കാട് മെമു സർവീസ് റദ്ദാക്കി.

തിരുവനന്തപുരം - കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ് ഇന്ന് എറണാകുളം ജംഗ്ഷനിൽ സർവീസ് അവസാനിപ്പിക്കും. ജനശതാബ്ദിയുടെ മടക്കയാത്ര എറണാകുളം ജങ്ഷനിൽ നിന്ന് വൈകിട്ട് 5.25 നായിരിക്കും.

തിരുവനന്തപുരം - ഷൊർണൂർ വേണാട് എക്സ്പ്രസ് എറണാകുളം ടൗണിലും, കണ്ണൂർ - ആലപ്പുഴ എക്സ്പ്രസ് ഷൊർണൂരിലും യാത്ര അവസാനിപ്പിക്കും.

✪✪✪

കണ്ണൂർ ആറളം പുന:രധിവാസ മേഖലയിൽ വാസയോഗ്യമായ 555 പ്ലോട്ടുകൾ വിതരണം ചെയ്യാൻ നിർദ്ദേശം നൽകി. പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച 220 പേർക്കാണ് പ്ലോട്ടുകൾ വിതരണം ചെയ്യുക.

✪✪✪